ഉത്തരം

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് 17-5-1998-ൽ ഇന്ത്യൻ പ്രധാനമന്ത്രിയും 26-3-2000-ൽ കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി കമ്മിറ്റിക്കും ഇതിനായി നിവേദനം നൽകിയിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് നൽകേണ്ട തുക

48 (1605) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗവൺമെന്റിന് എന്തെങ്കിലും തുക നൽകേണ്ടതുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽ എന്ന് അറിയിക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈയിനത്തിൽ ഇതുവരെ എന്ത് തുക ദേവസ്വം ബോർഡ് ഗവൺമെന്റിലേയ്ക്ക് അടച്ചു ;

(ഡി) ഇനി എന്ത് തുക അടയ്ക്കുവാനുണ്ട് ?

ഉത്തരം

(എ&ബി) മണ്ഡല ഉത്സവകാലത്ത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഡിഎം. ട്രെയിനീസിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഓണറേറിയം നൽകി വരുന്നുണ്ട് എന്നും സാനിറ്റേഷൻ ജോലികൾക്ക് പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായ സാനിട്ടേഷൻ സൊസൈറ്റിക്ക് ഇക്കഴിഞ്ഞ ശബരിമല ഉത്സവകാലത്ത് പതിനഞ്ച് ലക്ഷം രൂപ നൽകി എന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ നിന്ന് ഗവൺമെന്റിന് തുക ഒന്നും നൽകുന്നില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ് ഓഫീസറുടെ നിയമനം

49 (1606) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധിയനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ഒരു ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly